തൊഴിൽരഹിതരായ യുവജനങ്ങൾക്ക് വേണ്ടി ആവിഷ്ക്കരിച്ച കർമ്മ പരിപാടികൾ

24 (3423) ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തൊഴിൽരഹിതരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനുമായി എന്തെങ്കിലും സംരംഭങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമവകുപ്പ് തൊഴിലില്ലാത്ത യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കർമ്മ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ രഹിതരായ എത്രപേർക്ക് തൊഴിലവസരങ്ങൾ നല്കുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) യുവജനക്ഷേമവകുപ്പ് സംസ്ഥാനത്ത് സജീവവും സ്വതന്ത്രമായ രീതിയിൽ രൂപീകരിക്കുന്നതിനും എല്ലാ ജില്ലകളിലും പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഇ) യുവജനക്ഷേമബോർഡിനുകീഴിൽ പതിനാലു ജില്ലാകേന്ദ്രങ്ങളിലും "യൂത്ത് സെന്ററുകൾ" ആരംഭിക്കുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിന്റെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും വിശദമാക്കുമോ; ജില്ലാ യൂത്ത് സെന്ററുകൾ എപ്പോൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂരിലെ നിർമ്മിതി കേന്ദ്രത്തിൽവച്ച് ആശാരിപ്പണി, കൊത്തുപ്പണി എന്നീ ഇനങ്ങളിൽ ആറുമാസത്തെ പരിശീലനം തെരഞ്ഞെടുത്ത യുവജനങ്ങൾക്ക് നല്കിയിട്ടുണ്ട്. ഇതിൽ പരിശീലനം നേടിയവരെല്ലാം ഇപ്പോൾ നിർമ്മിതികേന്ദ്രം ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുകയാണ്. കൂടാതെ, ഇലക്ട്രിക്/ഇലക്ട്രോണിക് ഉപകരണങ്ങൾ നന്നാക്കുന്നതിനുള്ള പരിശീലനം നല്കുന്ന ആറുമാസത്തെ കോഴ്സ് ഇപ്പോൾ നടത്തിവരുന്നു.

(സി) ജോലി നല്കിയിട്ടില്ല. എന്നാൽ സ്വയം തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കിയിട്ടുണ്ട്. ഇപ്പോൾ നടത്തിവരുന്ന പരിശീലനകോഴ്സുകൾ പൂർത്തിയാക്കാൻ കൂടുതൽ പേരെക്കൂടി സ്വയംതൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുന്നതാണ്.

(ഡി) യുവജനക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് നിയമിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടില്ല. ആയത് ലഭിച്ചശേഷം അതിലെ ശുപാർശകൾ പരിശോധിച്ച് ഇക്കാര്യത്തിൽവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ യൂത്ത് സെന്ററുകൾ എല്ലാവിധ യുവജനക്ഷേമ പ്രവർത്തനങ്ങൾക്കും സഹായമാകുന്ന രീതിയിലായിരിക്കും പ്രവർത്തനം നടത്തുക. യൂത്ത് സെന്ററുകൾ അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

വൻകിട-ചെറുകിട ജലസേചനപദ്ധതികളുടെ നിർമ്മാണം

25 (3424) ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. എൻ.ആർ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വൻകിട-ചെറുകിട ജലസേചനപദ്ധതികളുടെ പണിയാണ് നടന്നുകൊണ്ടിരിക്കുന്നത്;

(ബി) കഴിഞ്ഞ പതിനഞ്ച് വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച ഏതെല്ലാം വൻകിട ജലസേചനപദ്ധതികളുടെ പണിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബാണാസുരസാഗർ ജലസേചനപദ്ധതിയുടെയും, ചമ്രവട്ടം ബ്രിഡ്ജ്-കം-റഗുലേറ്റർ പദ്ധതിയുടെയും പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവയുടെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്ത് പുതുതായി വൻകിട ചെറുകിട ജലസേചനപദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇതിനായി 2000-2001 വർഷത്തെ ബഡ്ജറ്റിൽ എന്ത് തുകയാണ് വകകൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വൻകിട ഇടത്തരം ജലസേചനമേഖലയിൽ പഴശ്ശി, കാരാപ്പുഴ, കാഞ്ഞിരപ്പുഴ, കുറിയാർകുറ്റി-കാരപ്പാറ, അട്ടപ്പാടി, ബാണാസുരസാഗർ, തൃത്താലിയിലേക്കും ചമ്രവട്ടത്തെയും റഗുലേറ്റർ-കം-ബ്രിഡ്ജുകൾ, ഇടമലയാർ, മൂവാറ്റുപുഴ, കണക്കൻകടവിലെ റഗുലേറ്റർ-കം-ബ്രിഡ്ജ്, കല്ലട എന്നീ പദ്ധതികളുടേയും, ചെറുകിട ജലസേചനമേഖലയിൽ 537 പദ്ധതികളുടേയും (ക്ലാസ്സ്-1 വിഭാഗത്തിൽ 119, ലിഫ്റ്റ് ഇറിഗേഷൻ വിഭാഗത്തിൽ 100, നബാർഡിന്റെ സാമ്പത്തികസഹായത്തോടെ 261, യൂറോപ്യൻ സാമ്പത്തികസമൂഹത്തിന്റെ സഹായത്തോടെ 57) പണികളാണ് ഇപ്പോൾ നടന്നുവരുന്നത്.

(ബി) പഴശ്ശി, ഇടമലയാർ, മൂവാറ്റുപുഴ, കല്ലട എന്നീ വൻകിട ജലസേചനപദ്ധതികളുടെ പണികൾ നടന്നുവരുന്നു.

(സി) ബാണാസുരസാഗർ പദ്ധതികളുടെ പ്രധാന കനാലിന് ഉള്ള പര്യവേഷണജോലികളും സ്ഥലമെടുപ്പും പൂർത്തിയായിട്ടുണ്ട്. ഉപകനാലു

LIBRARY ARCHIVES Kerala Legislative Assembly